**No. PL 1/2024** **06-06-2024**

# സർക്കുലർ

## ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,

1930 സെപ്റ്റംബർ 20 നമ്മുടെ വിശ്വാസ ജീവിതചരിത്രത്തിലെ അവിസ്മരണീയമായ ഒരു ദിനം ആയിരുന്നല്ലോ. ക്രൈസ്തവവിശ്വാസത്തിൻറെ മർമ്മമായ കൂട്ടായ്മ അനുഭവത്തിനും, ഈ വിശ്വാസവും ഈ അനുഭവവും നമ്മിൽ നിന്ന് ആവശ്യപ്പെടുന്ന സുവിശേഷ സമർപ്പണത്തിനും വ്യാപനത്തിനും, നാമേവരെയും പ്രാപ്തരാക്കുവാൻ നമ്മുടെ വത്സല പിതാവ് ധന്യൻ മാർ ഇവാനിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ആഗോള സഭയിൽ ഒരു സഭാത്മക മുന്നേറ്റത്തിന് ആരംഭംകുറിച്ച ദിനം ആയിരുന്നുവല്ലോ അത്. ദൈവത്തിൻറെ അനന്തമായ സ്നേഹപരിപാലനയിൽ ഈ കൂട്ടായ സ്നേഹാനുഭവവും സുവിശേഷവ്യാപനവും, അടിസ്ഥാന നിയോഗവും സ്വഭാവവും ആക്കി വളരുവാൻ കഴിഞ്ഞ 94 വർഷങ്ങളായി നമ്മുടെ സഭാഗാത്രത്തിന് സാധിച്ചു. ധന്യൻ മാർ ഇവാനിയോസ് പിതാവ് സമാരംഭിച്ച ഈ സുവിശേഷാത്മക സമർപ്പണത്തിന്റെ ഏറ്റവും മനോഹരമായ ഒരു സത്ഫലമാണല്ലോ നമ്മുടെ പാറശാല ഭദ്രാസനം. മലങ്കരയുടെ പുരാതനമായ ആധ്യാത്മിക പൈതൃകത്തിന്റെ പിൻബലത്തിലും ചൈതന്യത്തിലും, സവിശേഷമായ സുവിശേഷസാക്ഷ്യത്തിനും സമർപ്പണത്തിനും ഒരു വിശ്വാസ സമൂഹം സന്നദ്ധമായതിന്റെയും, അതിലൂടെ നേടിയ ആത്മീയ നിറവിന്റെയും നേർക്കാഴ്ചയാണ്, മലങ്കര കത്തോലിക്കാസഭയിലെ പാറശാല ഭദ്രാസനം. ഇപ്രകാരം സമഗ്രമായ ഒരു ആത്മീയ അനുഭവ നിറവിലേക്ക് നമ്മെ ആനയിച്ച ഈ സഭാത്മക പ്രസ്ഥാനത്തിൻറെ സമാരംഭകൻ ധന്യൻ മാർ ഇവാനിയോസ് പിതാവിനെ ദൈവസന്നിധിയിൽ നിരന്തരം നന്ദിപൂർവ്വം അനുസ്മരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു

വിശ്വാസപരമായി, സഭാപരമായി, നാം അനുഭവിക്കുന്ന നന്മകൾക്ക് നന്ദി സൂചകമായി, നമ്മുടെ പരസ്പര സ്നേഹത്തിൻറെയും കരുതലിന്റെയും പ്രതിഫലനമായി, എല്ലാ വർഷവും സെപ്റ്റംബർ മാസം 20 നോട് ചേർന്ന് നാം ആഘോഷിക്കുന്ന പുനരൈക്യ വാർഷിക സഭാസംഗമത്തിന് ഈ വർഷം ആഥിത്യമരുളുവാൻ പാറശാല ഭദ്രാസനത്തെ ആണല്ലോ പരിശുദ്ധ എപ്പിസ്കോപ്പൽ സുനഹദോസ് തിരഞ്ഞെടുത്തിരിക്കുന്നത്. ഈയൊരു ദൈവനിയോഗത്തെ നന്ദിയോടെ, എളിമയോടെ, നമുക്ക് സ്വീകരിക്കാം. സ്ഥാപിതമായിട്ട് ഇനിയും ഏഴുവർഷം തികഞ്ഞിട്ടില്ലാത്ത നമ്മുടെ ഭദ്രാസനം ഇപ്രകാരം വിപുലമായ, അതീവ പ്രാധാന്യമുള്ള ഒരു ആഗോള സഭാ സംഗമത്തിന് വേദിയാകുവാൻ നിയോഗിക്കപ്പെട്ടു എന്നത്, ഒരു വിശ്വാസ സമൂഹം എന്ന നിലയിൽ നാം ജീവിച്ച ക്രിസ്തീയസാക്ഷ്യത്തിന്റെയും നാം ആർജ്ജിച്ച സഭാത്മക പക്വതയുടെയും അംഗീകാരമായി നമുക്ക് മനസ്സിലാക്കാം. ഈ ഒരു നിയോഗം കൂടുതൽ ഗൗരവമായി വിശ്വാസം ജീവിക്കുവാനും, കൂടുതൽ സ്നേഹത്തോടെ നമ്മുടെ കൂട്ടായ്മ പങ്കുവയ്ക്കുവാനും, കൂടുതൽ തീക്ഷ്ണമായി സുവിശേഷം സാക്ഷിക്കുവാനും നമ്മെ ശക്തരാക്കണം.

ഈ വർഷത്തെ പുനരൈക്യ വാർഷിക സഭാസംഗമ ആഘോഷങ്ങൾ സെപ്റ്റംബർ മാസം 20, 21 തീയതികളിൽ ആണ് നടക്കുന്നത്. സെപ്റ്റംബർ 20ന് സന്ധ്യയ്ക്ക് സുവിശേഷ സംഗമവും, 21ന് രാവിലെ എട്ടുമണി മുതൽ പത്തുമണിവരെ വിവിധ സഭാതല സംഘടനകളുടെ കൂടി വരവും, അതേത്തുടർന്ന് ആഘോഷമായ വിശുദ്ധ കുർബാനയും

ആണ് പ്രധാന പരിപാടികൾ. നമ്മുടെ ഭദ്രാസനത്തിലെ വെങ്ങാനൂർ വി. പി. എസ്. മലങ്കര ഹയർസെക്കൻഡറി സ്കൂൾ ആണ് ഈ ആഘോഷങ്ങൾക്ക് വേദിയാകുന്നത്. ആഘോഷവുമായി ബന്ധപ്പെട്ട പ്രധാന സംഗമവും പരിശുദ്ധ കുർബാനയും സ്കൂളിൻറെ പ്രധാന മൈതാനത്തിലും. മറ്റു കൂടിവരവുകൾ സ്കൂളിൻറെ അനുബന്ധ സൗകര്യങ്ങളിലും നമുക്ക് ക്രമീകരിക്കുവാൻ സാധിക്കും.

ഈ ആഘോഷങ്ങളുമായി ബന്ധപ്പെട്ട പ്രാരംഭ വിചിന്തനങ്ങൾക്കായി ഭദ്രാസനത്തിലെ വൈദികരുടെയും ഭദ്രാസന അജപാലന സംഘത്തിന്റെയും പ്രത്യേക യോഗങ്ങൾ കൂടുകയുണ്ടായി. വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാൻ ആവശ്യമായ കമ്മറ്റികൾ, അവയുടെ പ്രധാനശുശ്രൂഷകർ, മുതലായവയെകുറിച്ച് ആ യോഗങ്ങളിൽ തീരുമാനിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വികാരിജനറാൾ അച്ചനും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയും ഈ ആഘോഷകമ്മറ്റികൾക്ക് പൊതുവായ നേതൃത്വം നൽകുകയും അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുന്നതാണ്.

ഈ സഭാസംഗമം നമ്മുടെ സഭാവിശ്വാസികൾക്ക് മുഴുവൻ ഏറ്റവും അനുഗ്രഹീതമായ ഒരു അനുഭവമായി തീരുവാൻ, ഭദ്രാസന അംഗങ്ങളായ നാം ഏവരും പ്രത്യേകം സമർപ്പിതരാകേണ്ടതുണ്ട്. അതിനായി സന്തോഷപൂർവ്വം നാം ഏറ്റെടുക്കേണ്ട ചില പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളും ഉണ്ട്. ഒന്നാമതായി, ഈ കൂടിവരവുമായി ബന്ധപ്പെട്ട എല്ലാ ശുശ്രൂഷകളും ആദ്യാവസാനം ദൈവത്തിൻറെ അനന്തമായ പരിപാലനയിൽ നിറവേറുവാൻ ഉള്ള കൃപയ്ക്കായി ഭദ്രാസനാംഗങ്ങളെല്ലാവരും പ്രാർത്ഥിക്കുവാൻ കടപ്പെട്ടിരിക്കുന്നു. നമ്മുടെ പ്രാർത്ഥനയുടെ പിൻബലമാണ് ഈ കൂടിവരവിന്റെ ചൈതന്യം. ഈ ഉദ്ദേശത്തിനായി തയ്യാറാക്കി നൽകിയിരിക്കുന്ന പ്രാർത്ഥന, നമ്മുടെ എല്ലാ ഭവനങ്ങളിലും ദേവാലയങ്ങളിലും എല്ലാ ദിവസവും മുടങ്ങാതെ ചൊല്ലണം എന്ന് ഏവരെയും ഓർമ്മിപ്പിക്കുന്നു.

രണ്ടാമതായി, നമ്മുടെ ഈ കൂടിവരവ് ഫലദായകം ആകുന്നത് നമ്മുടെ സാന്നിധ്യം വഴിയാണ്. ഈ ആഘോഷവുമായി ബന്ധപ്പെട്ട എല്ലാ ശുശ്രൂഷകളിലും നമ്മുടെ മുഴുവൻ ഭദ്രാസന അംഗങ്ങളുടെയും സജീവമായ സാന്നിധ്യം വളരെ പ്രധാനപ്പെട്ടതാണ്. വിവിധ കമ്മിറ്റികളോടൊപ്പം ചേർന്ന് സാധ്യമായ ശുശ്രൂഷകൾ നിറവേറ്റുന്നതോടൊപ്പം ആഘോഷങ്ങൾ നടക്കുന്ന രണ്ടു ദിവസവും നാമേവരും സാന്നിധ്യം കൊണ്ട് ഈ സഭാ സംഗമത്തെ അനുഗ്രഹിക്കണമെന്ന് ഓർമിപ്പിക്കുന്നു.

മൂന്നാമതായി, ഈ ആഘോഷം നമ്മുടെ ഭദ്രാസനം ഏറ്റെടുത്തു നടത്തുമ്പോൾ അതോടൊപ്പം വലിയൊരു സാമ്പത്തിക ഭാരവും നാം ഏറ്റെടുക്കുകയാണ്. ഈ വർഷത്തെ പുനരൈക്യ വാർഷിക സഭാസംഗമത്തിൽ സഭാമക്കളുടെ വലിയൊരു സാന്നിധ്യം നാം പ്രതീക്ഷിക്കുന്നു. ഈ സംഗമത്തിൽ സംബന്ധിക്കുന്ന ഏവർക്കും ഭക്ഷണം നൽകുക എന്നത് നമ്മുടെ ക്രൈസ്തവമായ ഉത്തരവാദിത്തമാണ്. പ്രധാന ദിവസത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം ഏവർക്കും ഉച്ചഭക്ഷണവും, മറ്റു സമയങ്ങളിൽ പ്രധാന അതിഥികൾക്കും ശുശ്രൂഷകളുമായി ബന്ധപ്പെട്ടവർക്കും, അതാത് സമയത്തുള്ള ആഹാരവും നൽകേണ്ടതുണ്ട്. ഇതിന് ഗണ്യമായ സാമ്പത്തിക ചിലവുണ്ട്. അതോടൊപ്പം ഇത്ര ബൃഹത്തായ ഒരു കൂടിവരവിന് അനുയോജ്യമായ ഒരു പന്തലും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കേണ്ടതുണ്ട്. ഭീമമായ ഒരു തുക അതിനായി നാം കണ്ടെത്തേണ്ടിയിരിക്കുന്നു. കൂടാതെ, പരസ്യം, ഉച്ചഭാഷണി, ദൂരെനിന്നു വരുന്നവരുടെ താമസസൗകര്യം, മുതലായവയുമായി ബന്ധപ്പെട്ട ചിലവുകളും ഉണ്ട്. ഇതിനെല്ലാമുള്ള ധനം പ്രധാനമായും ഭദ്രാസനത്തിനുള്ളിൽ നിന്നുതന്നെ കണ്ടെത്തേണ്ടതുണ്ട്. നമ്മുടെ എല്ലാ കുടുംബങ്ങളും ഇതിൽ ഉദാരപൂർവ്വം സഹകരിച്ചെങ്കിൽ മാത്രമേ ഇക്കാര്യങ്ങൾ ഭംഗിയായി ക്രമീകരിക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ. നമ്മുടെ കുടുംബങ്ങൾക്ക്

ഇത് ഒരു വലിയ ഭാരം ആകരുത് എന്ന ഉദ്ദേശത്തിൽ ഇപ്പോൾ തന്നെ കാണിക്ക വഞ്ചികൾ എല്ലാ കുടുംബങ്ങളിലും എത്തിച്ചിട്ടുണ്ട്. അതുമായി എല്ലാവരും താല്പര്യപൂർവ്വം സഹകരിക്കണം എന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. കൂടാതെ, സംഭാവനകൾ നൽകുവാൻ സാധിക്കുന്ന വ്യക്തികളും ഇടവകകളും അതിനായി മുന്നോട്ടുവരണം എന്നും അഭ്യർത്ഥിക്കുന്നു. ഈ സഭാസംഗമം നമ്മുടെ സഭയ്ക്ക് മുഴുവനായും, വിശിഷ്യാ പാറശാല ഭദ്രാസനത്തിനും സുവിശേഷത്മകമായ ഒരു പുനർസമർപ്പണത്തിനുള്ള പ്രചോദനമായി മാറണം എന്ന് നാം ആഗ്രഹിക്കണം, പ്രാർത്ഥിക്കണം, അതിനായി ആത്മാർത്ഥമായി പ്രവർത്തിക്കണം.

കാരുണ്യവാനായ ദൈവം നാമേവരെയും നമ്മുടെ കുടുംബങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പരിശുദ്ധ ദൈവമാതാവിന്റെയും, വിശിഷ്യാ നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയായ കൽക്കട്ടായിലെ വിശുദ്ധ തെരേസായുടെയും സാന്നിധ്യവും സംരക്ഷണവും നമുക്ക് ബലമായിരിക്കട്ടെ.

**സസ്നേഹം,**

+ Eusebius

**+ തോമസ് മാർ യൗസേബിയോസ്**
**പാറശ്ശാല രൂപതാധ്യക്ഷൻ**

---

**ഈ സർക്കുലർ ജൂൺ മാസം പതിനാറാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.**